പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

ഐ.എ.വൈ ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2954

21.06.2013 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | ഐ.എ.വൈ ജനറൽ/പട്ടികജാതി/ പട്ടികവർഗ്ഗ സമുദായക്കാർക്കുള്ള ധനസഹായം 2011-12 മുതൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം നൽകുന്ന ഭവന നിർമ്മാണ ധന സഹായം 15.09.2011 മുതൽ മുൻകാല പ്രാബല്യം നൽകി വർദ്ധനവ് വരുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/- രൂപയായും പട്ടിക വർഗ്ഗ വിഭാഗത്തിന് 2,50,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | വർദ്ധനവ് വരുത്തിയ തുക തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ടോ; എങ്കിൽ അത് നൽകിയിട്ടുണ്ടോ; | (സി) | 2011-12 ലും 2012-13 ലും അനുവദിച്ച വീടുകളിൽ അധിക സഹായം ലഭ്യമാക്കാൻ അർഹതയുള്ള ഓരോ വീടിനും 75,000/- രൂപ വീതം സർക്കാർ വിഹിതമായി നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. ഈ വകയിൽ 79.50 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | 2013-14 ൽ പ്രസ്തുത വർദ്ധനവ് ഇനത്തിൽ സർക്കാർ എത്ര തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 2013-14 ൽ പ്രസ്തുത വർദ്ധനവ് ഇനത്തിൽ സർക്കാർ വിഹിതമായി തുകയൊന്നും നൽകുന്നതിന് തീരുമാനമായിട്ടില്ല. എന്നാൽ 2013-14 വർഷത്തിൽ ഐ.എ.വൈ. വീടുകളുടെ നിരക്ക് 48,500/- രൂപയിൽ നിന്നും 70,000/- ആയി കേന്ദ്രസർക്കാർ ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതം കിഴിച്ചുള്ള തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ കണ്ടെത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ